# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മഞ്ചേശ്വരം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123

ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ : 04994-256690

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-കെ.എസ്.ഡി-5/816/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 01/12/2023
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മഞ്ചേശ്വരം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മഞ്ചേശ്വരം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മഞ്ചേശ്വരം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-കെ.എസ്.ഡി-5/816/2023 തീയ്യതി: 01/12/2023

## കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി രേഖ ആർ | ഡെപ്യൂട്ടി ഡയറക്ടർ | 18-10-2023 | 27-10-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 18-10-2023 | 27-10-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ഗോപാലകൃഷ്ണ നായ്ക് പി, ഓഡിറ്റ് ഓഫീസർ
ശ്രീ. ജയാനന്ദ. എച്ച്, ഓഡിറ്റ് ഓഫീസർ
ശ്രീ. എം. ബാബു, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. സുധീഷ് എൻ.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ഹരി വേണുഗോപാലൻ കെ.വി, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി ജീൻ ലവീന മൊന്തേരോ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. സജി തോമസ് | സെക്രട്ടറി | 01-04-2022 | 12-10-2022 |
| ശ്രീ. വിപിൻ എസ് ജി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 13-10-2022 | 20-10-2022 |
| ശ്രീ. സുധീർ എ | സെക്രട്ടറി | 21-10-2022 | 31-03-2023 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ വിപിൻ എസ് ജി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-10-2022 |
| ശ്രീമതി ഭാവന പി എം | അസിസ്റ്റന്റ് സെക്രട്ടറി | 01-11-2022 | 31-03-2023 |
| ശ്രീ. രാമചന്ദ്രൻ വി വി | കൃഷി ഓഫീസർ | 01-04-2022 | 31-12-2022 |
| ശ്രീമതി ബിന്ദു പി | കൃഷി ഓഫീസർ | 01-01-2023 | 31-03-2023 |
| ഡോ. ബബിത | വെറ്റിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീ ജിജോ മോൻ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2022 | 31-03-2023 |
| ഡോ. രശ്മി പി കെ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2022 | 31-03-2023 |
| ഡോ. ശിവാനി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 31-03-2023 |
| ഡോ. രാധിക സോമൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി/ സി.എച്ച്.സി)) | 01-04-2022 | 31-05-2022 |
| ഡോ. ഐശ്വര്യ കെ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി/ സി.എച്ച്.സി)) | 01-06-2022 | 31-03-2023 |
| ശ്രീമതി ഷീബ ടി പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 05-01-2023 |
| ശ്രീമതി സഫിത എൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 06-01-2023 | 16-01-2023 |
| ശ്രീമതി സുജിത കുമാരി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 17-01-2023 | 31-03-2023 |
| ശ്രീ ലെനിൽ ഇ ടി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 19-09-2022 |
| ശ്രീ. സൽമാൻ ജെ എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 20-09-2022 | 14-10-2022 |

| | | | |
|---|---|---|---|
| ശ്രീ തിമ്മക്കുടിയ ഒ | അസിസ്റ്റന്റ് എഞ്ചിനീയർ | 15-10-2022 | 11-01-2023 |
| ശ്രീ ഷാറൂഖ് കെ വി | അസിസ്റ്റന്റ് എഞ്ചിനീയർ | 12-01-2023 | 31-03-2023 |
| ശ്രീ ശിവരാം ഭട്ട് | ഹെഡ്മാസ്റ്റർ | 01-04-2022 | 31-03-2023 |
| ശ്രീ രതീഷ് കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (കുഞ്ഞത്തൂർ സർക്കിൾ) | 01-04-2022 | 30-07-2022 |
| ശ്രീമതി ശബ്ന സിത്താര | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (കുഞ്ഞത്തൂർ സർക്കിൾ) | 31-07-2022 | 31-03-2023 |
| ശ്രീ ആകാശ് വിജയ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (മഞ്ചേശ്വരം സർക്കിൾ) | 01-04-2022 | 16-07-2022 |
| ശ്രീമതി ശബ്ന സിത്താര | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (മഞ്ചേശ്വരം സർക്കിൾ) | 17-07-2022 | 28-08-2022 |
| ശ്രീ ആകാശ് വിജയ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (മഞ്ചേശ്വരം സർക്കിൾ) | 29-08-2022 | 15-09-2022 |
| ശ്രീമതി ശബ്ന സിത്താര | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (മഞ്ചേശ്വരം സർക്കിൾ) | 16-09-2022 | 16-10-2022 |
| ശ്രീ ആകാശ് വിജയ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (മഞ്ചേശ്വരം സർക്കിൾ) | 17-10-2022 | 19-11-2022 |
| ശ്രീമതി ശബ്ന സിത്താര | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (മഞ്ചേശ്വരം സർക്കിൾ) | 20-11-2022 | 09-01-2023 |
| ശ്രീ ആകാശ് വിജയ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (മഞ്ചേശ്വരം സർക്കിൾ) | 10-01-2023 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രിക പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | എ.സി.ആർ - ചെലവ് പത്രിക പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | Excess Of Income Over Expenditure- ബാലൻസ് ഷീറ്റിലേക്ക് ക്യാരി ഓവർ ചെയ്തതിൽ പിശക് | 1-1-4 |
| 6 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-5 |
| 7 | ബാലൻസ് ഷീറ്റ്- ബാധ്യതകളുമായി ബന്ധപ്പെട്ട പരാമർശങ്ങൾ | 1-1-6 |
| 8 | പാർട്ട് ബിൽ തുകകൾ Capital Work In Progress ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-7 |
| 9 | ഡെപ്പോസിറ്റ് പ്രവൃത്തിക്ക് കൈമാറിയ തുക ബി18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-8 |
| 10 | ചെക്ക് നിക്ഷേപിച്ചു-ബാങ്കിൽ ക്രെഡിറ്റ് ആയില്ല. | 1-1-9 |
| 11 | ബാധ്യത തുകകളുടെ നീക്കിയിരിപ്പ് അവയുടെ അക്കൗണ്ട് നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. | 1-1-10 |
| 12 | B5-330500102 - Secured Loan From Co-Operative Bankൽ വ്യത്യാസം. | 1-1-11 |
| 13 | ബജറ്റ് | 1-2 |
| 14 | സാമ്പത്തിക വിശകലനം | 1-3 |
| 15 | ഗ്രാന്റ് വിനിയോഗം | 1-4 |
| 16 | പദ്ധതി അവലോകനം | 1-5 |
| 17 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 18 | ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം | 1-7 |
| 19 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 20 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 21 | തനത് വരുമാനം സംബന്ധിച്ച അവലോകനം | 1-10 |
| 22 | വസ്തു നികുതി ഇനത്തി**ൽ** വ**ൻ** കുടിശ്ശിക | 1-11 |
| 23 | മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക സംബന്ധിച്ച് | 1-12 |
| 24 | ഇ – പേമെന്റ് തുക ബാങ്കിൽ ക്രഡിറ്റാകാതെ നിലനിൽക്കുന്നു | 1-13 |
| 25 | തൊഴിൽ നികുതി-അപാകതക**ൾ** | 1-14 |
| 26 | തനതു ഫണ്ട് അക്കൗണ്ട്-പി**ൻ**വലിക്ക**ൽ** സംബന്ധിച്ച് | 1-15 |
| 27 | റോഡ് വികസനത്തിന് വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ പദ്ധതി, പ്രവൃത്തി | 1-16 |

| | | |
|---|---|---|
| | പൂർത്തീകരണ രേഖകളും വിനിയോഗ സാക്ഷ്യപത്രവും പരിശോധനയ്ക്ക് ഹാജരാക്കിട്ടില്ല. | |
| 28 | ഡി.പി.സി. ഹാൾ നിർമ്മാണത്തിന് വിഹിതം നൽകൽ, പ്രവൃത്തി പൂർത്തീകരണ രേഖകളും വിനിയോഗ സാക്ഷ്യപത്രവും പരിശോധനയ്ക്ക് ഹാജരാക്കിട്ടില്ല. | 1-17 |
| 29 | ജീവനക്കാർക്ക് ഫെസ്റ്റിവൽ അഡ്വാൻസ് തുക നൽകിയത് 18,000രൂപ തിരികെ ഈടാക്കിയിട്ടില്ല. | 1-18 |
| 30 | ഐ.കെ.എം.വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. | 1-19 |
| 31 | സ്ട്രീറ്റ് മെയിൻ ലൈറ്റ് , ലൈൻ എക്സ്റ്റൻഷന് തുക ചെലവ് - വിനിയോഗ സാക്ഷ്യ പത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. | 1-20 |
| 32 | സോഷ്യൽ സെക്യൂരിറ്റി മിഷന് വിഹിതം- വിനിയോഗ രേഖകൾ ലഭ്യമാക്കിയിട്ടില്ല | 1-21 |
| 33 | തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധന നടത്തിയിട്ടില്ല. | 1-22 |
| 34 | പൊതു വാട്ടർ ടാപ്പുകളുടെ വെള്ളക്കരം അടയ്ക്കൽ ,സംയുക്ത പരിശോധന നടത്തിയിട്ടില്ല. | 1-23 |
| 35 | വി ഇ ഒ നിർവ്വഹണം നടത്തിയ ഭവന പുനരുദ്ധാരണ പദ്ധതികൾ - നിർമ്മാണം പൂർത്തീകരിച്ചില്ല | 1-24 |
| 36 | വി ഇ ഒ നിർവ്വഹണം നടത്തിയ ഭവന പദ്ധതികൾ - നിർമ്മാണം പൂർത്തീകരിച്ചില്ല | 1-25 |
| 37 | ഭവന പുനരുദ്ധാരണം- ഗുണഭോക്താവിന് തുക അധികം നൽകി. | 1-26 |
| 38 | കറവ പശുക്കൾക്ക് ധാതുലവണ മിശ്രിതം - വിതരണം ചെയ്ത സ്ഥാപനത്തിൽ നിന്നും ഇറക്ക് കൂലി ലഭ്യമാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടില്ല. | 1-27 |
| 39 | ടെണ്ടർ കിഴിവ് നടത്താതെ കരാറുകാരന് തുക അനുവദിച്ച -54124/-രൂപയുടെ അധിക ചെലവ്. | 1-28 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | ടെണ്ടർ കിഴിവ് നടത്താതെ കരാറുകാരന് തുക അനുവദിച്ച -54124/-രൂപയുടെ അധിക ചെലവ്. | 3-1 |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ | 4-4 |

| | | |
|---|---|---|
| | അവശേഷിക്കുന്നത് | |
| 5 | വായ്പ്പാ/ വായ്പ്പാ തിരിച്ചടവ് | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-7 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങൾ | 4-8 |
| 8 | ചാർജ്ജ്, സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 10 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | |
| 4 | റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 22.07.2023 ലെ 2/1 നമ്പർ തീരുമാന പ്രകാരം തയ്യാറാക്കി 27.07.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള മഞ്ചേശ്വരം ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31/03/2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൽഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii) C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൽഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൽഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

#### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, മഞ്ചേശ്വരം ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : കാസറഗോഡ്
തീയതി : 01.12.2023

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല

A) കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (ഇ) പ്രകാരം പ്രധാന അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിജന്റ് ബാദ്ധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ, തുടങ്ങിയവ

ഉൾപ്പെടുന്ന അക്കൗണ്ടുകളിൻമേലുള്ള കുറിപ്പുകൾ തയ്യാറാക്കി ധനകാര്യപത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

B) കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

C) കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (3) പ്രകാരം സാമ്പത്തിക പത്രികകളിൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ധനകാര്യപത്രികയിൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടില്ല.

### 1-1-2 ക്യാഷ് ഫ്ലോ പത്രിക പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ "Net Increase In Cash And Cash Equivalance" ആയി രേഖപ്പെടുത്തിയ തുകയും (1,62,91,864/-) ഇതേ പത്രികയിൽ "Net Cash Generated By Operating+ Investing+Financing Activity" (A+B+C) ആയി രേഖപ്പെടുത്തിയിട്ടുള്ള തുകയും (3,19,00,228/-) തുല്യമല്ല ആയതിനാൽ ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

### 1-1-3 എ.സി.ആർ - ചെലവു പത്രിക പൊരുത്തപ്പെടുന്നില്ല

എ.സി.ആർ പ്രകാരവും ചെലവ് പത്രിക പ്രകാരമുള്ള തുകയിൽ ചുവടെ പറയുന്ന വ്യത്യാസമുണ്ട്.

| ഇനം | എ.സി.ആർ പ്രകാരം ചെലവ് | ചെലവ് പത്രിക പ്രാകാരം ചെലവ് | വ്യത്യാസം |
|---|---|---|---|
| വികസന ഫണ്ട് - ജനറൽ | 3,03,29,637 | 2,96,50,707<br>(32450704 – 2799997 (സ്രോതസിൽ നിന്നും കുറവു ചെയ്തത്) | 678930 |

2022-23 വർഷം താഴെ പറയും പ്രകാരം ട്രഷറിയിൽ സമർപ്പിച്ച ബില്ലുകളിൽ പാസ്സാക്കാത്തവ എ.സി.ആറിൽ നിന്നും ഒഴിവാക്കിയിട്ടില്ല.

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥൻ | ഫണ്ട്- തരം | പ്രോജക്ട് നമ്പർ, പേര് | തുക |
|---|---|---|---|---|
| 1 | അസിസ്റ്റന്റ് എഞ്ചിനിയർ | വികസന ഫണ്ട് - ജനറൽ | 170- തുമിനാട് സ്നേഹാലയ റോഡ് കോൺക്രീറ്റ് | 297392/- |
| 2 | | | 82-അങ്കടിപ്പദവ്-ശാന്തിനഗർ സെക്കന്റ് റീച്ച് | 81916/- |
| 3 | | | 188-കടമ്പാർ -കരിഞ്ച റോഡ് കോൺക്രീറ്റ് | 299622/- |

### 1-1-4 Excess Of Income Over Expenditure- ബാലൻസ് ഷീറ്റിലേക്ക് ക്യാരി ഓവർ ചെയ്യതിൽ പിശക്

2022-23 ലെ ഇൻകം ആന്റ് എക്സ്പെന്റിച്ചർ അക്കൗണ്ട് പ്രകാരം Excess Of Income Over Expenditure 1,02,39,252 രൂപയാണ്. എന്നാൽ 31.03.2023 ലെ ബാലൻസ് ഷീറ്റ് പ്രകാരം പഞ്ചായത്ത് ജനറൽ

ഫണ്ടിലേക്ക് ക്യാരി ഓവർ ചെയ്ത തുക 4,94,23,776.43 രൂപയാണ്. ഈ വ്യത്യാസം വിശദീകരിക്കപ്പെട്ടിട്ടില്ല.

1-1-5 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

26.07.2011-ലെ ജി.ഒ(എം.എസ്) 152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. സുസ്ഥിര ആസ്തി, ഉൽപാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ചർ ആസ്തി, തദ്ദേശ സ്ഥാപന ആസ്തി, വിട്ടുകിട്ടിയ സ്ഥാപന ആസ്തി തുടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസ് പഞ്ചായത്തിൽ നിലവിലില്ല. ആയതിനാൽ വിവിധ മേഖല ഷെഡ്യൂളുകളിൽ 31/03/2023 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും വ്യക്തമല്ല.

1-1-6 ബാലൻസ് ഷീറ്റ്- ബാധ്യതകളുമായി ബന്ധപ്പെട്ട പരാമർശങ്ങൾ

എ) ബാലൻസ് ഷീറ്റിലെ ബി 7, ബി18 എന്നീ ഷെഡ്യൂളുകളിൽ ഉൾപ്പെട്ട തുകകളുടെ കൃത്യത പരിശോധിക്കുന്നതിനായി ഡെപ്പോസിറ്റ് രജിസ്റ്റർ , അഡ്വാൻസ് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ബി) ബാലൻസ് ഷീറ്റിൽ ബി4 ഷെഡ്യൂളിൽ ഉൾപ്പെട്ട തുകകളുടെ കൃത്യത പരിശോധിക്കുക . മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ ക്രമീകരിക്കുവാൻ നിർദ്ദേശിച്ച തുകകൾ ക്രമീകരിക്കുവാൻ നാളിതുവരെ നടപടികൾ സ്വീകരിച്ചിട്ടില്ല. മറ്റ് സ്ഥാപനങ്ങളിൽ നിന്നും, ഏജൻസികളിൽ നിന്നും ലഭിച്ച് നിരവധി വർഷങ്ങളായി വിനിയോഗിക്കുവാൻ സാധിക്കാത്ത ചുവടെ ചേർത്ത തുകകൾ ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് തിരികെ നൽകുവാനോ , അല്ലെങ്കിൽ സർക്കാരിലേയ്ക്ക് ഒടുക്കുവാനോ നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ഇനം | തുക |
|---|---|
| എസ്.എസ്.കെ | 57,957 |
| ശുചിത്വ മിഷൻ | 947410 |
| Donations Related To Pandemic/ Epidemic Control | 23010 |
| IWDP | 16011 |
| മറ്റ് ഗ്രാന്റുകൾ 320300199 | 301958 |
| സംയുക്ത പദ്ധതി ജില്ലാ പഞ്ചായത്ത് | 108733 |
| സംയുക്ത പദ്ധതി ബ്ലോക്ക് പഞ്ചായത്ത് | 1288106 |

സി) ബാലൻസ് ഷീറ്റിൽ ബി 9 ഷെഡ്യൂളിൽ ഉൾപ്പെട്ട തുകകളിൽ സർക്കാരിലേയ്ക്കും മറ്റ് സ്ഥാപനങ്ങളിലേയ്ക്കും ഒടുക്കുവാൻ അവശേഷിക്കുന്ന തുകകൾ ഒടുക്ക് വരുത്തി ക്രമീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡി) ലൈബ്രറി സെസ്സ് ഇനത്തിൽ 478684.97/- രൂപ ഒടുക്കുവാൻ അവശേഷിക്കുന്നു. ഇത് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഇ) വിവിധ ഇനങ്ങളിലായി ക്രമീകരിക്കുവാൻ അവശേഷിക്കുന്ന അഡ്വാൻസ് തുകകൾ, Liability In Respect Of Stale Cheques എന്നിവയുടെ കൃത്യത പരിശോധിച്ച് തുകകൾ ക്രമീകരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-1-7 പാർട്ട് ബിൽ തുകകൾ Capital Work In Progress ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഓഡിറ്റ് വർഷം പാർട്ട് ബിൽ ആയി നൽകിയ ചുവടെ ചേർത്ത തുകകൾ ബാലൻസ് ഷീറ്റിൽ Capital Work In Progress (B-11(b)) എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ.നം. | പ്രൊജക്റ്റ് നം | തുക |
|---|---|---|
| 1 | 80/22-23 | 511483 |
| 2 | 187/22-23 | 293641 |

| | | |
|---|---|---|
| 3 | 52/22-23 | 3,60,000 |
| 4 | 65/22-23 | 524954 |
| 5 | 242/22-23 | 450169 |

1-1-8 ഡെപ്പോസിറ്റ് പ്രവൃത്തിക്ക് കൈമാറിയ തുക ബി18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

പ്രൊ.നം 1/2022-23 പ്രകാരം തെരുവ് വിളക്ക് ലൈൻ വിപുലീകരണത്തിന് 62,44,777/- രൂപ ധനകാര്യക്കമ്മീഷൻ ഗ്രാന്റിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. KSEB വോർക്കാഡി സെക്ഷനിലേക്ക് കൈമാറിയ പ്രസ്തുത തുകയിൽ ,പൂർത്തീകരണ സാക്ഷ്യപത്രം ലഭിക്കാത്ത 62,44,777/- രൂപ ബി 18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ B11(e) 415100001 ഈ തുക ഉൾപ്പെടുത്തിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ലഭിച്ച പ്രവൃത്തി മാത്രമേ Capital Expense ലേക്ക് മാറ്റേണ്ടതുള്ളൂ. അപാകത പരിഹരിക്കേണ്ടതാണ്.

1-1-9 ചെക്ക് നിക്ഷേപിച്ചു-ബാങ്കിൽ ക്രെഡിറ്റ് ആയില്ല.

State Bank Of India ബാങ്കിലെ ILGMS ഇ-പേമെന്റ് അക്കൗണ്ടിലേ (നം.67165688365) Cheque Deposited But Not Cleared എന്ന ഇനത്തിൽ 2,27,964 രൂപ വർഷാന്ത്യ റീകൺസിലേഷൻ പത്രികകൾ പ്രകാരമുള്ള തുകകൾ തുടർ സാമ്പത്തിക വർഷം ക്രമീകരിക്കപ്പെട്ടിട്ടുള്ളതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

1-1-10 ബാധ്യത തുകകളുടെ നീക്കിയിരിപ്പ് അവയുടെ അക്കൗണ്ട് നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.

ധനകാര്യ പത്രികയിൽ ബാധ്യതയായി രേഖപ്പെടുത്തിയിരിക്കുന്ന ചുവടെ പറയുന്ന ഇനങ്ങളിലെ തുകയും ബന്ധപ്പെട്ട അക്കൗണ്ടിലെ നീക്കിയിരിപ്പായി രേഖപ്പെടുത്തിയിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

| ക്രമ നമ്പർ | ഇനം | ബി-2/ബി-4 ഷെഡ്യൂൾ പ്രകാരം ബാധ്യത | ബി- 17 ഷെഡ്യൂൾ പ്രകാരം അക്കൗണ്ടിലെ നീക്കിയിരിപ്പ് |
|---|---|---|---|
| 2 | Panchayat'S Distress Relief Fund | 28521/- | 15202/- ( UNION BANK OF INDIA - 122122010000702) |
| 3 | -Hariyali | 16011/- | 0 (എസ്.ബി.ഐ -( 67068628189) |

1-1-11 B5-330500102 - Secured Loan From Co-Operative Bankൽ വ്യത്യാസം.

സെക്രട്ടറിയുടെ പ്രൊജക്ട് നം-114-ഭവന പദ്ധതി വായ്പ തിരിച്ചടവായി വികസന ഫണ്ടിൽനിന്ന് 2022-23 വർഷം 20,00,000/- രൂപ ചെലവഴിച്ചിട്ടുള്ളതിനാൽ വാർഷിക കണക്കിൽ 27,20,000 രൂപ ബാധ്യതയായി നിലനിർത്തേണ്ടത്. എന്നാൽ B5-ഷെഡ്യൂളിൽ 47,20,000/- രൂപ ബാധ്യതയായി നിലനിൽക്കുന്നു. ആയതിന് വിശദീകരണം നല്കേണ്ടതാണ്.

1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ്, റിവൈസ്ഡ് ബജറ്റ് എന്നിവ അംഗീകരിച്ചതിന്റെ വിവരം

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| ഭരണ സമിതി തീരുമാനം, തിയതി | നം. 2/1, തിയ്യതി 26.03.2022 | നം. 3/1, തിയ്യതി 02.03.2023 |
| മുന്നിരിപ്പ് | 3,64,94,770 | 58,128,126 |
| വരവ് | 20,06,42,000 | 25,56,62,411 |
| ആകെ | 23,71,36,770 | 31,37,90,537 |

| | | |
|---|---|---|
| ചെലവ് | 22,47,96,400 | 27,54,47,929 |
| നീക്കിയിരിപ്പ് | 1,23,40,370 | 3,83,42,608 |

## 1-3 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| | |
|---|---|
| വർഷം | 2022-23 |
| മുന്നിരിപ്പ് | 75102870.05 |
| വരവ് | 76016925 |
| ആകെ | 151119795.05 |
| ചെലവ് | 59725061 |
| നീക്കിയിരിപ്പ് | 91394734.05 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 54124 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 6809665 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 3,60,84,617 | 3,60,84,617 | 3,24,50,704 | 36,33,913 |
| വികസനഫണ്ട് എസ്.സി.പി. | 0 | 46,76,000 | 46,76,000 | 40,77,474 | 5,98,526 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 16,54,313 | 16,54,313 | 11,36,284 | 518029 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 1,06,68,000 | 1,06,68,000 | 73,82,606 | 32,85,394 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 1,02,75,000 | 1,02,75,000 | 18,46,675 | 84,28,325 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied – Bank) | 93,72,000 | 97,07,000 | 1,90,79,000 | 26,18,011 | 1,64,60,989 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(tied- Try ) | 0 | 78,14,097 | 78,14,097 | 18,26,857 | 59,87,240 |
| ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റ്(untied – Bank) | 18,21,034 | 68,97,636 | 87,18,670 | 74,77,980 | 12,40,690 |
| ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റ്(untied – Treasury) | 0 | 15,14,984 | 15,14,984 | 2,97,674 | 12,17,310 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 0 | 6,90,000 | 6,90,000 | 6,90,000 | 0 |

| | | | | | |
|---|---|---|---|---|---|
| സംയുക്ത പദ്ധതി (ബ്ലോക്ക്പഞ്ചായത്ത്) | 12,88,106 | 21,09,000 | 33,97,106 | 21,09,000 | 12,88,106 |
| സംയുക്ത പദ്ധതി (ജില്ലാ പഞ്ചായത്ത്) | 1,08,733 | 11,46,000 | 12,54,733 | 11,46,000 | 1,08,733 |
| കേന്ദ്രാവിഷ്കൃത പദ്ധതികൾ | | | | | |
| തൊഴിലുറപ്പ് പദ്ധതി | 1 | 54,94,298 | 54,94,299 | 49,89,783 | 5,04,516 |
| ഐ.സി.ഡി.എസ് കേന്ദ്ര വിഹിതം | 32,33,018 | 22,79,624 | 55,12,642 | 22,79,624 | 32,33,018 |
| IWDP | 16011 | 0 | 16011 | 0 | 16011 |
| 320100202 ഹെൽത്ത് ഗ്രാന്റ് | 0 | 3,70,431 | 3,70,431 | 1,47,606 | 2,22,825 |
| 320100204 ഹെൽത്ത് ഗ്രാന്റ് | 0 | 2,11,694 | 2,11,694 | 1,17,880 | 93,814 |
| 320100139 ദേശീയ ഹെൽത്ത് ഗ്രാന്റ് | 0 | 4,50,000 | 4,50,000 | 0 | 4,50,000 |
| NPRPD | 2,00,000 | 0 | 2,00,000 | 0 | 2,00,000 |
| സംസ്ഥാനാവിഷ്കൃത പദ്ധതി | | | | | |
| ശുചിത്വ മിഷൻ | 14,58,893 | 0 | 14,58,893 | 5,11,483 | 9,47,410 |
| കേരളോത്സവം | 20,000 | 0 | 20,000 | 0 | 20,000 |
| 320200399 മറ്റ് ഗ്രാന്റുകൾ , അവാർഡുകൾ | 33,715 | 12,82,346 | 13,16,061 | 12,45,000 | 71,061 |
| SSA | 57957 | 0 | 57957 | 0 | 57957 |

1) വികസനഫണ്ട്-ജനറൽ സ്രോതസ്സിൽ നിന്നും ജി.ഒ പ്രോജക്ടിനായി കുറവ് ചെയ്ത തുകയായ 27,99,997/- രൂപ അടക്കമുള്ള വരവ് ചെലവുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.

2) വികസനഫണ്ട്-എസ്.സി.പി സ്രോതസ്സിൽ നിന്നും ജി.ഒ പ്രോജക്ടിനായി കുറവ് ചെയ്ത തുകയായ 5,78,391/- രൂപ അടക്കമുള്ള വരവ് ചെലവുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.

3) ജനറൽ പർപ്പസ് ഗ്രാന്റ് ഇനത്തിൽ 2022-23 വർഷം 20,781,000/-രൂപ വരവുണ്ട്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് | ചെലവ് | ഭാഗീകമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 295 | 181040443 | 180 | 81256746 | - | 115 | 61.02 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2022-23 വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2022-23 വർഷം നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 37 | 23349646 | 26 | 17640600 | 75.55 |

| | | | | | | |
|---|---|---|---|---|---|---|
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 9 | 866869 | 7 | 459690 | 53.03 |
| 3 | അസിസ്റ്റന്റ് എഞ്ചിനിയർ | 172 | 72462212 | 81 | 20368110 | 28.11 |
| 4 | കൃഷി ഓഫീസർ | 9 | 8932240 | 9 | 6208619 | 69.51 |
| 5 | വെറ്റിനറി സർജ്ജൻ | 5 | 1319800 | 5 | 1319800 | 100 |
| 6 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 25 | 54123423 | 19 | 18686753 | 34.65 |
| 7 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 8 | 8936420 | 6 | 6608240 | 73.95 |
| 8 | പ്രധാനധ്യാപകൻ | 16 | 3978550 | 14 | 3761079 | 94.53 |
| 9 | മെഡിക്കൽ ഓഫീസർ-ആയുർവ്വേദം | 1 | 400000 | 1 | 400000 | 100 |
| 10 | മെഡിക്കൽ ഓഫീസർ -പി.എച്ച്.സി | 5 | 1961283 | 5 | 1577174 | 80.42 |
| 11 | മെഡിക്കൽ ഓഫീസർ -ഹോമിയോ | 1 | 200000 | 1 | 200000 | 100 |
| 12 | ഡയറി ഫാം ഇൻസ്കൂക്ടർ | 1 | 450000 | 1 | 450000 | 100 |
| 13 | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 6 | 4060000 | 5 | 3576681 | 88.10 |
| | ആകെ | 295 | 181040443 | 180 | 81256746 | 44.91 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 1 | 504515 | 504516 | 0 | 504516 |
| വേതനം , മെറ്റീരിയൽ കോസ്റ്റ് എന്നീയിനങ്ങളിൽ ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 4989783 | 4989783 | 4989783 | 0 |
| ആകെ | 1 | 5494298 | 5494299 | 4989783 | 504516 |

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2022-23 വർഷം 379 പദ്ധതികളുൾപ്പെടുന്ന 5,95,41,690 രൂപ അടങ്കലുള്ള ആക്ഷൻ പ്ലാൻ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. തൻ വർഷം 86 (New=71 +S.O=15) പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് . വിവിധ പദ്ധതികളിലായി ആകെ 12736 തൊഴിൽ ദിനങ്ങൾ തൻ വർഷം സൃഷ്ടിച്ചിട്ടുണ്ട്. നൂറു തൊഴിൽ ദിനം ലഭിച്ച 6 കുടുംബങ്ങളുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമ പദ്ധതികൾക്കായി വിനിയോഗിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 772000 | 43 |

| | | |
|---|---|---|
| വിധവാപെൻഷൻ | 19805000 | 1062 |
| വാർദ്ധക്യകാലപെൻഷൻ | 29006800 | 1629 |
| വികലാംഗപെൻഷൻ | 585200 | 321 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 249600 | 14 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 690000 | 23 |

1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.10.2023 തീയതിയിൽ 11.20 A.m ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 20,314/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഓഫീസ് ഉത്തരവുകളിലൂടെ ഗ്രാമപഞ്ചായത്തിലെ വിവിധ ഓഫീസ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തൻവർഷ നികുതി പിരിവ് 75.80% മാത്രമാണ്. നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിനുള്ള നടപടികൾ ഭരണസമിതിയുടെ ഭാഗത്ത് നിന്നും ഉണ്ടാവേണ്ടതുണ്ട്. സ്ഥാപനത്തിന് ISO സർട്ടിഫിക്കേഷൻ ലഭ്യമായിട്ടുണ്ട്. നികുതി നികുതിയേതര വരുമാനങ്ങൾ പരമാവധി പിരിച്ചെടുക്കുന്നതിൽ കാര്യക്ഷമത പുലർത്തിയിട്ടുണ്ട്. പ്രധാന വരുമാനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകൾ, അപേക്ഷകൾ, പത്രികകൾ തുടങ്ങിയ രേഖകൾ കൃത്യമായി സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-10 തനത് വരുമാനം സംബന്ധിച്ച അവലോകനം

ആറാം ധനകാര്യകമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ നിർദ്ദേശ പ്രകാരവും, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 11.07.2023ലെ ഡി.കെ.എസ്.എ.3683/എസ്.എസ്.3/2019 നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചും വിഭവ സമാഹരണത്തിന്റെ കാര്യക്ഷമതക്ക് പ്രാധാന്യം നൽകിക്കൊണ്ട് നടത്തിയ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട കാര്യങ്ങൾ ചുവടെ കൊടുക്കുന്നു.

നികുതി വരുമാനം

2022-23 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിന്റെ റസിഡൻഷ്യൽ, നോൺറെസിഡൻഷ്യൽ, കുടിശ്ശിക ഉൾപ്പെടെയുള്ള നികുതി വരവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| റസിഡൻഷ്യൽ (Current+Arrears) | 47,93,799 |
| നോൺ റെസിഡൻഷ്യൽ (Current+Arrears) | 45,75,635 |

തൻ വർഷം 75.80% മാത്രമാണ് വസ്തു നികുതി വരവ്. കുടിശ്ശിക ഉൾപ്പെടെ റസിഡൻഷ്യൽ, നോൺറെസിഡൻഷ്യൽ ഇനങ്ങളിലായി ആകെ 33,15,837/-രൂപയുടെ ഭീമമായ പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്. ഭീമമായ കുടിശ്ശിക അവശേഷിക്കുന്നുണ്ടെങ്കിലും 01.06.2022ലെ സ.ഉ.(കൈ) നം.117/2022/LSGD പ്രകാരമുള്ള കുടിശ്ശിക രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. വസ്തുനികുതി വരവാണ് ഗ്രാമപഞ്ചായത്തിന്റെ മുഖ്യ തനതു വരുമാനമാർഗ്ഗം. വികസനഫണ്ട് പൊതുവിഭാഗത്തിൽ ഓഡിറ്റ് വർഷം 3,70,07,000രൂപയാണ് ബഡ്ജറ്റ് വിഹിതമായി ലഭിക്കേണ്ടിയിരുന്നത്, തൻവർഷ തനത് വരുമാനം 90%

പിരിച്ചെടുക്കാത്തതിനാൽ മേൽ വികസന ഫണ്ടിന്റെ 1% സർക്കാർ കുറവ് വരുത്തുകയുണ്ടായി. ടി തുക വികസനഫണ്ടിന്റെ മൂന്നാം ഗഡുവിൽ (3,70,070) നിന്നാണ് കുറവ് വരുത്തിയത്. വസ്തു നികുതി പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ ഊർജിതമാക്കേണ്ടതുണ്ട്. കൂടാതെ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സ് വാടക ഇനത്തിൽ 238309/- രൂപയും പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്.

ഇ പേയ്മെന്റ്

സഞ്ചയ സോഫ്റ്റ്‌വെയർ മുഖേന വസ്തുനികുതി നേരിട്ട് അടയ്ക്കുന്നതിനുള്ള സംവിധാനം നിലവിൽ കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ലഭ്യമാണ്. ഗ്രാമപഞ്ചായത്തിലെ കെട്ടിട്ടങ്ങളുടെ നികുതിയും ഇത്തരത്തിൽ ഓൺലൈനായി സ്വീകരിച്ചു വരുന്നുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ എസ്.ബി.ഐ അക്കൗണ്ടിന്റെ (അക്കൗണ്ട് നം. 67165688365) ഇ-പെയ്മെന്റ് അക്കൗണ്ടിലേക്കാണ് ഇത്തരത്തിൽ അടവാക്കുന്ന തുക വന്നു ചേരുന്നത്.

2022-23 സാമ്പത്തിക വർഷത്തെ റീക്കൺസിലിയേഷൻ പത്രിക പ്രകാരം ചുവടെ പറയുന്ന തുകകൾ ബാങ്ക് ബുക്കിൽ വരവായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ബാങ്കിൽ ക്രഡിറ്റ് വന്നിട്ടില്ല. തൻവർഷം ഇപ്രകാരം 2,27,964/- രൂപയാണ് ബാങ്കിൽ ക്രെഡിറ്റ് ആവാതെ നിലനിൽക്കുന്നത്.

മൂന്ന് മാസം മുതൽ ഒരു വർഷം വരേയും തുക അക്കൗണ്ടിൽ ക്രെഡിറ്റ് ആവാതെയുണ്ട്.

വസ്തുനികുതി

സർക്കാരിന്റെ 01.04.2023 ലെ വസ്തു നികുതി പരിഷ്കരണ നിരക്കുകൾ ഭരണസമിതിയുടെ 24.06.2023 തിയ്യതിയിലെ 10(1) നം. തീരുമാനം പ്രകാരം അംഗീകരിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് പ്രകാരമുള്ള വസ്തുനികുതി പരിഷ്ക്കരണം സംബന്ധിച്ച് സോഫ്റ്റ്‌വെയർ അപ്ഡേഷൻ നടത്തിയിട്ടില്ല. ഡാറ്റാ പ്യൂരിഫിക്കേഷൻ സൗകര്യം സഞ്ചയ സോഫ്റ്റ്‌വേയറിൽ ലഭ്യമല്ലാത്തതിനാൽ ആയത് പൂർത്തീകരിച്ചിട്ടില്ല.

സേവന ഉപനികുതി

2011ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം 26, 27 എന്നിവയനുസരിച്ച്, ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്നും, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകളും ഡ്രൈനേജും തുടങ്ങിയ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ താഴെപറയുന്ന പ്രകാരം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്.

| സേവനം | ചുമത്താവുന്ന കുറഞ്ഞ സേവന ഉപനികുതി |
|---|---|
| ശുചിത്വ പരിപാലനം | വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക |
| ജല വിതരണം | വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക |
| തെരുവു വിളക്കുകൾ | വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക |
| ഡ്രൈനേജ് | വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക |

ഗ്രാമപഞ്ചായത്ത് പരിധിയിൽ സേവന ഉപനികുതി ഏർപ്പെടുത്തിയിട്ടില്ല, തനത് വരുമാനം മെച്ചപ്പെടുത്തുന്നതിന് സേവന ഉപനികുതിയുടെ സാധ്യതകൾ പരിഗണിക്കാവുന്നതാണ്.

1-11 വസ്തു നികുതി ഇനത്തിൽ വൻ കുടിശ്ശിക

വാർഷിക ധനകാര്യ പത്രികയിലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B15 (Sundry Debtors (Receivable)) പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ വരുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി കുടിശ്ശികയിനത്തിൽ ഇനത്തിൽ 33,15,837/-രൂപയുടെ ഭീമമായ തുക പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നുണ്ട്. വിവിധ വാർഡുകളിലായി പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് നം. | കുടിശ്ശിക |
|---|---|
| 1 | 200147 |
| 2 | 396396 |
| 3 | 270730 |
| 4 | 91441 |
| 5 | 100589 |
| 6 | 127552 |
| 7 | 133001 |
| 8 | 424298 |
| 9 | 161573 |
| 10 | 191550 |
| 11 | 140183 |
| 12 | 192739 |
| 13 | 120240 |
| 14 | 262103 |
| 15 | 33034 |
| 16 | 38652 |
| 17 | 38884 |
| 18 | 20267 |
| 19 | 52034 |
| 20 | 198471 |
| 21 | 121953 |
| ആകെ | 3315837 |

വസ്തു നികുതി കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ഇക്കാര്യത്തിലുള്ള പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ പ്രഥമ മറുപടിയോടപ്പം സമർപ്പിക്കേണ്ടതുമാണ്.

1-12 മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക സംബന്ധിച്ച്

ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ച് വരുന്ന ചില മൊബൈൽ ടവർ ഉടമകളിൽ നിന്നും വിവിധ വർഷങ്ങളിലെ വസ്തുനികുതി കുടിശ്ശിക പിരിച്ചെടുക്കാൻ അവശേഷിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഓപ്പറേറ്റർ/ ഉടമ/നിർമ്മാതാവ്/ ലൈസൻസി | കെട്ടിട നമ്പർ | വസ്തുനികുതി അടവാക്കേണ്ടുന്ന കാലയളവ് | ഈടാക്കേണ്ട തുക |
|---|---|---|---|---|
| 1 | ഡിഷ് നെറ്റ് വയർലെസ് ലിമിറ്റഡ് (എയർസെൽ) | 2/156 | 2013-14 ഒന്നാം അർദ്ധ വർഷം മുതൽ 2021-22 | 9450x9 =85050 |

| | | | | |
|---|---|---|---|---|
| | | | രണ്ടാം അർദ്ധ വർഷം വരെ | |
| 2 | ഭാരതി ഇൻഫ്രാടെൽ ലിമിറ്റഡ് | 11/506/A | 2013-14 ഒന്നാം അർദ്ധ വർഷം മുതൽ 2019-20 രണ്ടാം അർദ്ധ വർഷം വരെ | 10395x7 =72765 |

മേൽ പരാമർശിച്ച മൊബൈൽ ടവർ ഉടമകളിൽ നിന്നും വസ്തു നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ രേഖകൾ സഹിതം അറിയിക്കേണ്ടതാണ്. കൂടാതെ ക്രമ നം. 2 പ്രകാരമുള്ള ഭാരതി ഇൻഫ്രാടെൽ ലിമിറ്റഡിന് 2020-21 ഒന്നാം അർദ്ധ വർഷം മുതൽ 2021-22 രണ്ടാം അർദ്ധ വർഷം വരെയുള്ള കാലയളവിൽ നികുതി ഇളവ് നൽകിയതായി കാണുന്നു. ആയതിന്റെ കാരണം വ്യക്തമല്ല. ഇപ്രകാരം നികുതി ഇളവ് അനുവദിച്ചതിന്റെ കാരണം വിശദീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 14 തീയ്യതി 26.10.2023)

1-13 ഇ – പേമെന്റ് തുക ബാങ്കിൽ ക്രഡിറ്റാകാതെ നിലനിൽക്കുന്നു

2022-23 സാമ്പത്തിക വർഷത്തെ എസ്.ബി.ഐ അക്കൗണ്ടിന്റെ (അക്കൗണ്ട് നം. 67165688365) റീക്കൺസിലിയേഷൻ പത്രിക പ്രകാരം ചുവടെ പറയുന്ന തുകകൾ ബാങ്ക് ബുക്കിൽ വരവായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ബാങ്കിൽ ക്രഡിറ്റ് വന്നിട്ടില്ല.

| ക്രമ നമ്പർ | വൗച്ചർ നമ്പർ | തീയതി | തുക |
|---|---|---|---|
| 1 | 1220000188 | 10-06-2022 | 21 |
| 2 | 1220000189 | 10-06-2022 | 21 |
| 3 | 1220000190 | 11-06-2022 | 5 |
| 4 | 1220000001 | 05-04-2022 | 120 |
| 5 | 1220000002 | 05-04-2022 | 120 |
| 6 | 1220000006 | 07-04-2022 | 120 |
| 7 | 1220000007 | 07-04-2022 | 5 |
| 8 | 1220000008 | 08-04-2022 | 5 |
| 9 | 1220000009 | 08-04-2022 | 5 |
| 10 | 1220000010 | 08-04-2022 | 220 |
| 11 | 1220000011 | 08-04-2022 | 5 |
| 12 | 1220000017 | 12-04-2022 | 220 |
| 13 | 1220000019 | 12-04-2022 | 220 |
| 14 | 1220000020 | 13-04-2022 | 220 |
| 15 | 1220000021 | 13-04-2022 | 220 |
| 16 | 1220000022 | 13-04-2022 | 5 |
| 17 | 1220000023 | 13-04-2022 | 5 |
| 18 | 1220000024 | 14-04-2022 | 220 |
| 19 | 121030900046 | 26-03-2022 | 168 |
| 20 | 1220000092 | 12-05-2022 | 5 |
| 21 | 1220000093 | 12-05-2022 | 120 |
| 22 | 1220000096 | 12-05-2022 | 5 |
| 23 | 1220000097 | 13-05-2022 | 5 |

| | | | |
|---|---|---|---|
| 24 | 1220000098 | 13-05-2022 | 5 |
| 25 | 1220000099 | 13-05-2022 | 5 |
| 26 | 1220000100 | 13-05-2022 | 5 |
| 27 | 1220000101 | 13-05-2022 | 220 |
| 28 | 1220000102 | 14-05-2022 | 220 |
| 29 | 1220000103 | 16-05-2022 | 220 |
| 30 | 1220000533 | 29-08-2022 | 5 |
| 31 | 1220000631 | 20-09-2022 | 5 |
| 32 | 1220000633 | 20-09-2022 | 5 |
| 33 | 1220000635 | 20-09-2022 | 5 |
| 34 | 1220000636 | 20-09-2022 | 5 |
| 35 | 1220000637 | 20-09-2022 | 5 |
| 36 | 1220000638 | 21-09-2022 | 5 |
| 37 | 1220000639 | 21-09-2022 | 62 |
| 38 | 1220000640 | 21-09-2022 | 5 |
| 39 | 1220000641 | 22-09-2022 | 220 |
| 40 | 1220000642 | 22-09-2022 | 5 |
| 41 | 1220000643 | 22-09-2022 | 220 |
| 42 | 1220000644 | 22-09-2022 | 220 |
| 43 | 1220000645 | 22-09-2022 | 220 |
| 44 | 1220000646 | 22-09-2022 | 5 |
| 45 | 1220000647 | 22-09-2022 | 800 |
| 46 | 1220000648 | 22-09-2022 | 5 |
| 47 | 1220000649 | 22-09-2022 | 5 |
| 48 | 1220000650 | 22-09-2022 | 5 |
| 49 | 1220000656 | 24-09-2022 | 765 |
| 50 | 1220000657 | 24-09-2022 | 120 |
| 51 | 1220000658 | 24-09-2022 | 5 |
| 52 | 1220000659 | 24-09-2022 | 5 |
| 53 | 1220000660 | 24-09-2022 | 5 |
| 54 | 1220000661 | 24-09-2022 | 5 |
| 55 | 1220000662 | 24-09-2022 | 5 |
| 56 | 1220000678 | 28-09-2022 | 5 |
| 57 | 1220000679 | 28-09-2022 | 5 |
| 58 | 1220000680 | 28-09-2022 | 220 |
| 59 | 1220000681 | 28-09-2022 | 5 |
| 60 | 1220000682 | 29-09-2022 | 5 |
| 61 | 1220000685 | 29-09-2022 | 5 |
| 62 | 1220000686 | 29-09-2022 | 220 |

| | | | |
|---|---|---|---|
| 63 | 1220000688 | 29-09-2022 | 5 |
| 64 | 1220000884 | 11-11-2022 | 5 |
| 65 | 1220000885 | 11-11-2022 | 220 |
| 66 | 1220000886 | 11-11-2022 | 2 |
| 67 | 1220000887 | 11-11-2022 | 120 |
| 68 | 1220000888 | 11-11-2022 | 5 |
| 69 | 1220000889 | 11-11-2022 | 380 |
| 70 | 1220000890 | 11-11-2022 | 5 |
| 71 | 1220000891 | 11-11-2022 | 5 |
| 72 | 1220000892 | 12-11-2022 | 1200 |
| 73 | 1220001216 | 07-02-2023 | 220 |
| 74 | 1220001217 | 07-02-2023 | 220 |
| 75 | 1220001218 | 07-02-2023 | 120 |
| 76 | 1220001219 | 08-02-2023 | 5 |
| 77 | 1220001220 | 08-02-2023 | 5 |
| 78 | 1220001221 | 08-02-2023 | 5 |
| 79 | 1220001223 | 09-02-2023 | 220 |
| 80 | 1220001224 | 09-02-2023 | 120 |
| 81 | 1220001225 | 09-02-2023 | 2 |
| 82 | 1220001226 | 09-02-2023 | 120 |
| 83 | 1220001228 | 11-02-2023 | 5 |
| 84 | 1220001231 | 13-02-2023 | 220 |
| 85 | 1220001233 | 14-02-2023 | 5 |
| 86 | 1220001234 | 15-02-2023 | 5 |
| 87 | 1220001236 | 16-02-2023 | 5 |
| 88 | 1220001237 | 16-02-2023 | 120 |
| 89 | 1220001238 | 16-02-2023 | 120 |
| 90 | 1220001239 | 16-02-2023 | 5 |
| 91 | 1220001241 | 16-02-2023 | 2 |
| 92 | 1220001242 | 16-02-2023 | 380 |
| 93 | 1220001246 | 17-02-2023 | 120 |
| 94 | 1220001247 | 18-02-2023 | 220 |
| 95 | 1220001248 | 20-02-2023 | 220 |
| 96 | 1220001249 | 20-02-2023 | 5 |
| 97 | 1220001251 | 20-02-2023 | 120 |
| 98 | 1220001253 | 21-02-2023 | 120 |
| 99 | 1220001254 | 21-02-2023 | 5 |
| 100 | 1220001255 | 21-02-2023 | 5 |
| 101 | 1220001256 | 21-02-2023 | 120 |

| | | | |
|---|---|---|---|
| 102 | 1220001257 | 22-02-2023 | 5 |
| 103 | 1220001258 | 22-02-2023 | 5 |
| 104 | 1220001261 | 23-02-2023 | 5 |
| 105 | 1220001263 | 23-02-2023 | 380 |
| 106 | 1220001265 | 24-02-2023 | 5 |
| 107 | 1220001268 | 25-02-2023 | 5 |
| 108 | 1220001269 | 27-02-2023 | 5 |
| 109 | 1220001284 | 02-03-2023 | 55 |
| 110 | 1220001286 | 02-03-2023 | 120 |
| 111 | 1220001287 | 02-03-2023 | 5 |
| 112 | 1220001288 | 02-03-2023 | 120 |
| 113 | 1220001289 | 02-03-2023 | 5 |
| 114 | 1220001290 | 02-03-2023 | 5 |
| 115 | 1220001291 | 02-03-2023 | 120 |
| 116 | 1220001292 | 02-03-2023 | 220 |
| 117 | 1220001293 | 02-03-2023 | 220 |
| 118 | 1220001294 | 03-03-2023 | 5 |
| 119 | 1220001295 | 03-03-2023 | 120 |
| 120 | 1220001296 | 03-03-2023 | 5 |
| 121 | 1220001297 | 03-03-2023 | 220 |
| 122 | 1220001298 | 04-03-2023 | 120 |
| 123 | 1220001299 | 04-03-2023 | 120 |
| 124 | 1220001300 | 06-03-2023 | 5 |
| 125 | 1220001301 | 06-03-2023 | 220 |
| 126 | 1220001302 | 07-03-2023 | 220 |
| 127 | 1220001303 | 08-03-2023 | 5 |
| 128 | 1220001304 | 08-03-2023 | 5 |
| 129 | 1220001305 | 08-03-2023 | 5 |
| 130 | 1220001306 | 08-03-2023 | 5 |
| 131 | 1220001307 | 08-03-2023 | 220 |
| 132 | 1220001343 | 22-03-2023 | 2 |
| 133 | 1220001352 | 27-03-2023 | 380 |
| 134 | 1220001353 | 28-03-2023 | 220 |
| 135 | 1220001354 | 28-03-2023 | 5 |
| 136 | 1220001357 | 29-03-2023 | 220 |
| 137 | 1220001359 | 30-03-2023 | 220 |
| 138 | 1220001213 | 06-02-2023 | 5 |
| 139 | 1220001211 | 04-02-2023 | 120 |
| 140 | 1220001437 | 31-03-2023 | 43105 |

| | | | |
|---|---|---|---|
| 141 | 1220001438 | 31-03-2023 | 170178 |
| 142 | 1220001285 | 02-03-2023 | 5 |
| 143 | 1220000185 | 09-06-2022 | 21 |
| 144 | 1220000186 | 10-06-2022 | 220 |
| 145 | 1220000187 | 10-06-2022 | 5 |
| ആകെ | | | 227964 |

മേൽ പ്രകാരം മൂന്ന് മാസം മുതൽ ഒരു വർഷം വരേയും തുക അക്കൗണ്ടിൽ വരവായി ലഭിക്കാതെയുണ്ട്. തുക നാളിതുവരേയും അക്കൗണ്ടിലേക്ക് വരവുവയ്ക്കാത്തത് സംബന്ധിച്ച് തുടർനടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 15 തീയ്യതി 27.10.2023)

## 1-14 തൊഴിൽ നികുതി-അപാകതകൾ

1) ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസ്സിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടുകയോ പൊതുവായോ, സ്വകാര്യമായോ എന്തെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് 1994 ലെ കേരളപഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1എ) , 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം3, 4 എന്നിവ അനുശാസിക്കുന്നു. എന്നാൽ ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ചുവടെ പരാമർശിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി അടവാക്കിയതായി കാണുന്നില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | നികുതി അടവാക്കേണ്ടുന്ന കാലയളവ് |
|---|---|---|
| 1 | ദീക്ഷ വുഡ് ഇൻഡസ്ട്രീസ് | 2022-23 രണ്ടാം അർദ്ധ വർഷം |
| 2 | ശിവഗംഗ ഇന്റർലോക്ക്, കുഞ്ചത്തൂർ | 2022-23 ഒന്നും രണ്ടും അർദ്ധ വർഷം |
| 3 | NB Wood And Allied Products, കുഞ്ചത്തൂർ | 2022-23 രണ്ടാം അർദ്ധ വർഷം |
| 4 | നോർത്ത് ഷോർ വുഡ് പ്രൊഡക്ട്സ്, മഞ്ചേശ്വരം | 2022-23 ഒന്നും രണ്ടും അർദ്ധ വർഷം |
| 5 | ഷിഫ ലാബ്, ഹൊസങ്കടി | 2022-23 ഒന്നും രണ്ടും അർദ്ധ വർഷം |
| 6 | ക്രിസ്റ്റൽ ഡെന്റൽ ക്ലിനിക്ക് | 2022-23 രണ്ടാം അർദ്ധ വർഷം |
| 7 | രാജധാനി ജ്വല്ലറി, ഹൊസങ്കടി | 2022-23 ഒന്നും രണ്ടും അർദ്ധ വർഷം |
| 8 | പ്രകാശ് ഏജൻസി, ഭാരത് പെട്രോളിയം ഫ്യുവൽ സ്റ്റേഷൻ | 2022-23 ഒന്നും രണ്ടും അർദ്ധ വർഷം |
| 9 | നോർത്ത് ഷോർ ഐസ് ക്രീം മാനുഫാക്ചറിംഗ് യൂണിറ്റ് | 2022-23 ഒന്നും രണ്ടും അർദ്ധ വർഷം |

| | | |
|---|---|---|
| 10 | ന്യൂ അറ്റ്ലസ് ജ്വല്ലറി | 2022-23 ഒന്നം രണ്ടും അർദ്ധ വർഷം |
| 11 | ന്യൂ ഹോം സെന്റർ, ഹൊസങ്കടി | 2022-23 ഒന്നം രണ്ടും അർദ്ധ വർഷം |
| 12 | സോലിഡ് എഞ്ചിനീയറിംഗ് വർക്ക്സ് | 2022-23 ഒന്നം രണ്ടും അർദ്ധ വർഷം |
| 13 | മഞ്ചേശ്വരം ഫ്യൂവൽസ്, പോസോട്ട്, മഞ്ചേശ്വരം | 2022-23 ഒന്നം രണ്ടും അർദ്ധ വർഷം |

മേൽ പരാമർശിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

2) അംഗീകൃത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1994-ലെ കോരള പഞ്ചായത്ത് രാജ് നിയമത്തിലെ 204 (ii) എ (I) വകുപ്പ് പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് അറുപത് ദിവസത്തിൽ കുറയാതെ താമസിച്ച് തൊഴിലിൽ ഏർപ്പെടുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതുണ്ട്. എന്നാൽ ചുവടെ ചേർത്തിട്ടുള്ള അംഗീകൃത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | കരാറുകാരന്റെ പേര് | നികുതി അടവാക്കേണ്ടുന്ന കാലയളവ് |
|---|---|---|
| 1 | ഷാഹിം ഉസ്മാൻ, തലപ്പാടി, പി.ഡബ്ല്യു.ഡി കോൺട്രാക്ടർ | 2022-23 രണ്ടാം അർദ്ധ വർഷം |
| 2 | അബ്ദുൾ സമീർ പി, ഹൊസങ്കടി, പി.ഡബ്ല്യു.ഡി കോൺട്രാക്ടർ | 2022-23 ഒന്നം രണ്ടും അർദ്ധ വർഷം |
| 3 | ഇസ്മയിൽ തുഫൈൽ, കുഞ്ചത്തൂർ, പി.ഡബ്ല്യു.ഡി കോൺട്രാക്ടർ | 2022-23 ഒന്നം രണ്ടും അർദ്ധ വർഷം |
| 4 | നാസിർ ഇഡിയ, കുഞ്ചത്തൂർ, പി.ഡബ്ല്യു.ഡി കോൺട്രാക്ടർ | 2022-23 ഒന്നം രണ്ടും അർദ്ധ വർഷം |
| 5 | മമ്മദ് ആരിഫ് എം, മച്ചംപാടി, പി.ഡബ്ല്യു.ഡി കോൺട്രാക്ടർ | 2022-23 ഒന്നം രണ്ടും അർദ്ധ വർഷം |
| 6 | ലോഹിത് കുമാർ, മഞ്ചേശ്വരം, പി.ഡബ്ല്യു.ഡി കോൺട്രാക്ടർ | 2022-23 ഒന്നം രണ്ടും അർദ്ധ വർഷം |
| 7 | എം കെ ഇസ്മായിൽ, ഹൊസങ്കടി, പി.ഡബ്ല്യു.ഡി കോൺട്രാക്ടർ | 2022-23 ഒന്നം രണ്ടും അർദ്ധ വർഷം |

മേൽ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 12 തീയ്യതി 25.10.2023)

1-15 തനതു ഫണ്ട് അക്കൗണ്ട്-പിൻവലിക്കൽ സംബന്ധിച്ച്

ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് കൈകാര്യം ചെയ്യുന്നതിനായി മഞ്ചേശ്വരം സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്കിന്റെ മെയിൻ ശാഖ (അക്കൗണ്ട് നം. 0201110002500), യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയുടെ ഹൊസബേട്ടു ശാഖ (അക്കൗണ്ട് നം. 520101213175793) എന്നിവിടങ്ങളിലാണ് അക്കൗണ്ടുകൾ നിലവിലുള്ളത്. തൻവർഷം പ്രധാനമായും ഇടപാടുകൾ നടത്തിയിട്ടുള്ളത് യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയുടെ അക്കൗണ്ട് മുഖാന്തിരമാണ്. ILGMSൽ നിന്നും ലഭിക്കുന്ന ബാങ്ക് ബുക്ക്, ബാങ്ക് പാസ്സ് ബുക്ക്/ ബാങ്ക്

സ്റ്റേറ്റ്മെന്റ് എന്നിവ രണ്ടും ഒത്തുനോക്കിയാണ് ഇടപാടുകളിലെ കൃത്യത ഓഡിറ്റിൽ ഉറപ്പ് വരുത്തുന്നത്. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ അനുശാസിക്കും പ്രകാരം ചെക്ക് മുഖേനയാണ് പണമിടപാടുകൾ എല്ലാം നടത്തിയിട്ടുള്ളത്. വിവിധ ആവശ്യങ്ങൾക്കായി ചെക്ക് മുഖേന തുക പിൻവലിക്കുമ്പോൾ, പിൻ വലിച്ച തുകയോടൊപ്പം ചെക്ക് നമ്പറും തിയ്യതിയും രേഖപ്പെടുത്തേണ്ടതുണ്ട്. എന്നാൽ യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയുടെ അക്കൗണ്ട് സ്റ്റേറ്റ്മെന്റിൽ പിൻവലിക്കൽ സംബന്ധിച്ച രേഖപ്പെടുത്തലുകൾ വരുത്തുമ്പോൾ ചെക്ക് നമ്പറോ തിയ്യതിയോ ഒന്നും രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ പണം പിൻവലിച്ചതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

പിൻവലിക്കുന്ന തുകയോടൊപ്പം ചെക്ക് നം, തിയ്യതി എന്നിവ ഉൾപ്പെടുത്തിക്കൊണ്ടുള്ള അക്കൗണ്ട് സ്റ്റേറ്റ്മെന്റ് ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 11 തീയ്യതി 25.10.2023)

## 1-16 റോഡ് വികസനത്തിന് വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ പദ്ധതി, പ്രവൃത്തി പൂർത്തീകരണ രേഖകളും വിനിയോഗ സാക്ഷ്യപത്രവും പരിശോധനയ്ക്ക് ഹാജരാക്കിട്ടില്ല.

മഞ്ചേശ്വരം ഗ്രാമ പഞ്ചായത്ത്, 2022-23,സാമ്പത്തിക വർഷത്തിൽ റോഡ് വികസനത്തിന്റെ ഭാഗമായി വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ പദ്ധതിക്ക് നല്കിയ തുകയുടെ വിശദ വിവരം താഴെ ചേർക്കുന്നു .

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 119/2022-23 |
| പ്രൊജക്റ്റ് | റോഡ് വികസനത്തിന്റെ ഭാഗമായി വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ |
| അടങ്കൽ തുക | 2,00,000 രൂപ |
| ചെലവ് തുക | 48,800 രൂപ |
| വൗച്ചർ നമ്പർ/ തിയ്യതി | 222001175തിയ്യതി:28.3.2023 |
| ഫണ്ട് ഇനം | തനതു ഫണ്ട് |
| സ്ഥാപനം | കെ.എസ്.ഇ.ബി. |
| അക്കൗണ്ട് നമ്പർ | 42123170000028 |

ഗ്രാമ പഞ്ചായത്തിലെ വാർഡ് നമ്പർ 21-ലെ മാഡ എന്ന സ്ഥലത്ത്, റോഡ് വികസനത്തിന്റെ ഭാഗമായി വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ പദ്ധതിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന്, ഗ്രാമ പഞ്ചായത്ത് സെക്രട്ടറി, 2.2.2023-ലെ 401098/AMDC01/GPO/2022/3071/(1) നമ്പർ കത്ത് പ്രകാരം മഞ്ചേശ്വരം കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ സെക്ഷൻ അസിസ്റ്റന്റ് എൻജിനീയറോട് ആവശ്യപ്പെട്ടിരുന്നു. (കത്ത് നമ്പർ 14.3.2023/DB/ES/MJR/PPS/2022-23/254 ) .മേൽ വൗച്ചർ പ്രകാരം 48,800 രൂപ 28.3.2023-ന് കെ.എസ്.ഇ.ബി.യുടെ 42123170000028-ാം നമ്പർ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.എന്നാൽ പ്രവൃത്തി പൂർത്തീകരണ രേഖകളും വിനിയോഗ സാക്ഷ്യപത്രവും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പ്രവൃത്തി പൂർത്തീകരണ രേഖകളും വിനിയോഗ സാക്ഷ്യപത്രവും പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ ചെലവ് തുകയായ 48,800 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.(ഓഡിറ്റ് എൻക്വയറി നമ്പർ : 8/2022-23 തിയ്യതി : 25.10.2023.)

## 1-17 ഡി.പി.സി. ഹാൾ നിർമ്മാണത്തിന് വിഹിതം നൽകൽ, പ്രവൃത്തി പൂർത്തീകരണ രേഖകളും വിനിയോഗ സാക്ഷ്യപത്രവും പരിശോധനയ്ക്ക് ഹാജരാക്കിട്ടില്ല.

മഞ്ചേശ്വരം ഗ്രാമ പഞ്ചായത്ത് 2022-23 സാമ്പത്തിക വർഷത്തിൽ ഡി.പി.സി. ഹാൾ നിർമ്മാണത്തിന് വിഹിതം നൽകിയ തുകയുടെ വിശദ വിവരം താഴെ ചേർക്കുന്നു .

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 133/2022-23 |
| പ്രൊജക്റ്റ് | ഡി.പി.സി. ഹാൾ നിർമ്മാണത്തിന് വിഹിതം നൽകൽ |
| അടങ്കൽ തുക | 3,00,000 രൂപ |
| ചെലവ് തുക | 3,00,000രൂപ |
| വൗച്ചർ നമ്പർ/ തിയ്യതി | 22200486തിയ്യതി:29.8.2022 |
| ഫണ്ട് ഇനം | തനത് ഫണ്ട് |
| സ്ഥാപനം | ഡി.പി.സി. ചെയർപേഴ്സൺ & സെക്രട്ടറി |
| അക്കൗണ്ട് നമ്പർ | 720011400000034 |

കാസറഗോഡ് കലക്ടർ&മെമ്പർ സെക്രട്ടറിയുടെ, 11.7.2022-ലെ 517/2022/ഡി.പി. സി/ഡി.പി.ഒ. /കെ.എസ്.ഡി.നമ്പർ കത്തിലെ നിർദ്ദേശപ്രകാരം, ചെയർപേഴ്സൺ & മെമ്പർ സെക്രട്ടറി ഡി.പി.സി.കാസറഗോഡിന്റെ SPL TSB അക്കൗണ്ടിലേക്ക് ഓരോ പഞ്ചായത്തും 3,00,000 രൂപ ഡി.പി.സി. ഹാൾ നിർമ്മാണത്തിന് വിഹിതം നൽകണമെന്ന് ആവശ്യപ്പെട്ടിരുന്നു. കത്തിലെ നിർദ്ദേശ പ്രകാരം മേൽ അക്കൗണ്ടിലേക്ക് (720011400000034) 29.8.2022-ന് 3,00,000 രൂപ ഗ്രാമ പഞ്ചായത്ത് നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ പ്രവൃത്തി പൂർത്തീകരണ രേഖകളും വിനിയോഗ സാക്ഷ്യപത്രവും പരിശോധനയ്ക്ക് ഹാജരാക്കിട്ടില്ല. (ഓഡിറ്റ് എൻക്വയറി നമ്പർ : 4/2022-23 തിയ്യതി : 25.10.2023.)അതിനാൽ ചെലവ് തുകയായ 3,00,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-18 ജീവനക്കാർക്ക് ഫെസ്റ്റിവൽ അഡ്വാൻസ് തുക നൽകിയത് 18,000രൂപ തിരികെ ഈടാക്കിയിട്ടില്ല.

ജീവനക്കാരുടെ ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ, വൗച്ചർ നമ്പർ 22200654 തിയ്യതി: 10.10.2022 പ്രകാരം ആകെ 1,10,000 രൂപ ജീവനക്കാർക്ക് നൽകിയിട്ടുണ്ട്. തുക കൈപ്പറ്റിയവരിൽ ശ്രീ.വിപിൻ.എസ്.ജി, അസിസ്റ്റന്റ് സെക്രട്ടറി, ശ്രീ.ചരൺകുമാർ.പി.ആർ, ക്ലർക്ക് എന്നിവർ കൈപ്പറ്റിയ ഫെസ്റ്റിവൽ അഡ്വാൻസ് തുക മുഴുവനായും തിരിച്ചടച്ചിട്ടില്ല. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ജീവനക്കാരന്റെ പേര് | അഡ്വാൻസ് അനുവദിച്ച തുക | തിരികെ ഈടാക്കിയ തുക | ഈടാക്കാൻ ബാക്കിയുള്ള തുക | അക്കൗണ്ട് നമ്പർ |
|---|---|---|---|---|---|
| 1 | വിപിൻ.എസ്.ജി. അസിസ്റ്റന്റ് സെക്രട്ടറി | 20000 | 4000 | 16000 | 022001505447 |
| 2 | ചരൺകുമാർ പി.ആർ. ക്ലർക്ക് | 5000 | 3000 | 2000 | 20329094624 |
| ആകെ | | 25000, | 7,000 | 18,000 | |

ജീവനക്കാർക്ക് മുൻകൂർ നൽകിയ 25,000രൂപയിൽ 7,000 രൂപ മാത്രമാണ് തിരികെ ഈടാക്കിയത്. ബാക്കി തുകയായ 18,000 രൂപ (25000-7000 = 18,000) തിരികെ ഈടാക്കിയിട്ടില്ല. 18,000 രൂപ ജീവനക്കാരിൽ നിന്നും പലിശ ഉൾപ്പെടെ ഈടാക്കി വിശദവിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. തുക തിരികെ ഈടാക്കാത്തതിനാൽ ചെലവ് തുകയായ 18,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നമ്പർ : 9/2022-23 തിയ്യതി : 25.10.2023.)

1-19 ഐ.കെ.എം.വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2022-23 സാമ്പത്തിക വർഷത്തിൽ ഇൻഫർമേഷൻ കേരള മിഷന് ഗ്രാമപഞ്ചായത്ത് വിഹിതം നൽകിയ തുകയുടെ വിശദ വിവരം താഴെ ചേർക്കുന്നു .

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 108 /2022-23 |
| പ്രൊജക്റ്റ് | ഐ.കെ.എം.ന് അടയ്ക്കേണ്ട വിഹിതം |
| അടങ്കൽ തുക | 1,50,000 രൂപ |
| ചെലവ് തുക | 1,48,088 രൂപ |
| ബിൽ റഫറൻസ് നമ്പർ/ തിയ്യതി | 222006520032004022255 തിയ്യതി: 18.8.2022 |
| ഫണ്ട് ഇനം | വികസന ഫണ്ട് (ജനറൽ) |

മേൽ ബിൽ റഫറൻസ് നമ്പർ പ്രകാരം, ഇൻഫർമേഷൻ കേരള മിഷന്റെ 57047023512-ാം നമ്പർ അക്കൗണ്ടിലേക്ക് 18.8.2022-ന് 1,48,088 രൂപ ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. തുകയുടെ ചെലവ് വിവരം സംബന്ധിച്ച് വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ 1,48,088 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നമ്പർ : 7/2022-23 തിയ്യതി :25.10.2023.)

1-20 സ്ട്രീറ്റ് മെയിൻ ലൈറ്റ് , ലൈൻ എക്സ്റ്റൻഷന് തുക ചെലവ് - വിനിയോഗ സാക്ഷ്യ പത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

| | | |
|---|---|---|
| പ്രൊജക്റ്റ് തരം | ഏക വർഷ പ്രൊജക്റ്റ് | |
| പ്രൊജക്റ്റ് നമ്പർ | 1/2022-23 | |
| പ്രൊജക്റ്റ് | സ്ട്രീറ്റ് മെയിൻ ലൈറ്റ് ലൈൻ എക്സ്റ്റൻഷൻ | |
| ഫണ്ട് ഇനം | ധനകാര്യ കമ്മീഷൻ അവാർഡ് | |
| അടങ്കൽ തുക | 63,21,000 രൂപ | |
| ചെലവ് തുക | 62,44,777 രൂപ | |
| വൗച്ചർ നമ്പർ ,തിയ്യതി | 22200743/23.11.2022 | |
| സ്ഥാപനം | അക്കൗണ്ട് നമ്പർ | തുക |
| Assistant Engineer,KSEB Limited,Electrical Section Vorkady | 42283170000036 | 1,94,377 രൂപ |
| KSEB Limited | 4212310000028 | 60,50,400 |
| ആകെ തുക | | 62,44,777 രൂപ |

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, ഇലക്ട്രിക്കൽ ഡിവിഷൻ കാസറഗോഡിന്റെ 7.10.2022-ലെ TSI/PPDS/ MJR/2022-23/83 നമ്പർ കത്ത് പ്രകാരം, എസ്റ്റിമേറ്റ് തുകയായ 60,50,400 രൂപ ,42123170000028-ാം നമ്പർ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിന് പഞ്ചായത്തിനോട് ആവശ്യപ്പെട്ടിരുന്നു. കത്ത് പ്രകാരം ഗ്രാമ പഞ്ചായത്ത് 60,50,400 രൂപ KSEBയുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.

നിർമ്മാണ പ്രവൃത്തി നടപ്പിലാക്കൽ

